## പശ്ചിമഘട്ടം : പഠന യാത്രകൾ


**കേരളത്തിൽ ആദ്യമായി കാട്ടിനുള്ളിൽ പ്രകൃതി പഠനസഹവാസം നടക്കുന്നത് കാസർഗോഡ് ജില്ലയിലെ പ്ലാച്ചിക്കരയിലാണ്. 1978 ഏപ്രിൽ മാസത്തിൽ ജോൺസി ജേക്കബിന്റെ സുവോളജിക്കൽ ക്ലബ്ബിന്റെ നേതൃത്വത്തിലായിരുന്നു സഹവാസം. തുടർന്ന് അദ്ദേഹത്തിന്റെ തന്നെ നേതൃത്വത്തിൽ കുറച്ചുകൂടി കിഴക്കുമാറിയുള്ള കോട്ടഞ്ചേരി വനത്തിൽ എല്ലാ വർഷവും മുടങ്ങാതെ ക്യാമ്പുകൾ നടന്നു. കേരളത്തിൽ പിന്നീട് പ്രകൃതി സ്നേഹികളും പരിസ്ഥിതി പ്രവർത്തകരുമായിത്തീർന്ന പലരും ആദ്യാക്ഷരം കുറിച്ച കളരികൂടിയാണ് ജോൺസി മാഷിന്റെ ക്യാമ്പുകൾ. ക്യാമ്പനുഭവങ്ങൾ ഓർക്കുന്നു**

**ഡോ. ഇ. ഉണ്ണികൃഷ്ണൻ**

**കാടെല്ലാം** കാവല്ലെങ്കിലും കാവെല്ലാം കാടാണ്. ഹരിതവനത്തിന്റെ ചെറുപതിപ്പ്. കാവരികിലെ വിദ്യാലയത്തിൽ പഠിച്ചതുകൊണ്ട് ആദ്യമായുണ്ടായ കാടനുഭവം ചാമക്കാവിലൂടെയുള്ള വഴി നടത്തമാണ്. പള്ളിക്കൂടത്തിൽ ചേരും മുമ്പെ ഒന്നാം ക്ലാസിൽ പോയിരിക്കുമായിരുന്നതിനാൽ മൂന്നു വയസുമുതലേ ആ കുളിര് അറിഞ്ഞിട്ടുണ്ട്. പഠിക്കുമ്പോൾ തിരുവനന്തപുരത്തൊരു പരീക്ഷയെഴുതാൻ പോയിരുന്നു. അന്നാളിൽ ശംഖുമുഖത്തുവെച്ച് നിരന്ന നീലയുടെ അഗാധ പർവ്വതം കണ്ടപ്പോൾ തോന്നിയ അത്ഭുതം ഇപ്പോഴും ഓർമ മങ്ങാതെയുണ്ട്. കാട് എന്നും കൂട്ടിനുള്ളതുകൊണ്ടാവാം ആദ്യമായി കണ്ട കാടനുഭവം. അത്ര തീവ്രമായി ഓർമയിൽ നിലനില്ക്കാഞ്ഞത്.

ആയിരത്തി തൊള്ളായിരത്തി എൺപത്തിമൂന്നു മുതൽ ജോൺസി മാഷുമായി സ്നേഹസൗഹൃദങ്ങളുണ്ടെങ്കിലും അക്കാലത്തെ കാട്ടുസഹവാസങ്ങളിലൊന്നും മാഷുടെ കൂടെ പങ്കെടുക്കാനായില്ല. ജോൺസി മാഷ് ആദ്യമായി ഒരു വനസഹവാസം നടത്തുന്നത് 1978ൽ പ്ലാച്ചിക്കരയിലാണ്. പത്തുവർഷത്തിനുശേഷം എനിക്കാദ്യമായനുഭവിക്കാനായ കാടും പ്ലാച്ചിക്കര തന്നെയായിരുന്നു. 1987ൽ അധ്യാപക പരിശീലനം കഴിഞ്ഞ ഉടൻ കിഴക്കൻ മലയോരത്തെ ബളാൽ ഹൈസ്കൂളിൽ താത്കാലികാധ്യാപകനായി ജോലി കിട്ടി. കർക്കിടക മാസത്തിലെ മഴമാറി നിന്ന ഒരു ദിവസമായിരുന്നു ആദ്യമായി ജോലിക്കു പോകുന്നത്. പിണ്ണാക്കിലും എണ്ണകിനിയുന്ന ചൂട്! മലയോരത്തെ കന്നിമണ്ണിൽ ആറേഴു പതിറ്റാണ്ടുകളുടെ ദേഹണ്ഡങ്ങൾ കൊണ്ടുണ്ടാക്കിയ ഉദയങ്ങൾ ഇരുവശത്തും ഓടിമറയുന്ന ബസ് കാഴ്ച. മണ്ണുമാന്തികൾ കടന്നു ചെന്നിട്ടില്ലാത്തതിനാൽ കുന്നുകളിൽ പുണ്ണു കെട്ടിയിട്ടില്ല. മൂന്നു മണിക്കൂർ യാത്രയ്ക്കൊടുവിൽ ബസ് പ്ലാച്ചിക്കരയിലെത്തി. കിഴക്കൻ വെയിലും ഉറക്കച്ചവടവും ചേർത്തടച്ച കണ്ണുകളിൽ പരിചിതമായ ഒരു തണുപ്പ്; കാടിന്റേത് ഒരു കിലോമീറ്ററോളം കാടിനുള്ളിലൂടെയാണ് റോഡ്. ചാമക്കാവിൽ പണ്ടു പരിചയിച്ച വനഗന്ധം. കാടിന് അതിന്റെ

# കാട്ടിനുള്ളിലെ പ്രകൃതി സഹവാസങ്ങൾ



ഫോട്ടോ: മധുരാജ്

ജോൺസി ജേക്കബ്

മണം കിട്ടുന്നത് പൂത്തുനിൽക്കുന്ന മരത്തിൽ നിന്നല്ല. അഴുകി വീണ പഴങ്ങളിൽ നിന്നും കൊഴിഞ്ഞു വീണ ഇലകളിൽ നിന്നുമാണ്. മണ്ണാണ് മണപ്പിക്കുന്നത്.

പ്ലാച്ചിക്കരയിലെ ആ ഇത്തിരിക്കാടിനു പിന്നിൽ ഒരു കാര്യമുണ്ട്. കാടിനെ രക്ഷിക്കാൻ പ്രകൃതി സ്നേഹികൾ ശ്രമിക്കുകയും ഒരു ഭരണാധികാരി അതിനായി തീരുമാനമെടുക്കുകയും ചെയ്തത് കേരളത്തിലാദ്യം പ്ലാച്ചിക്കരയിലായിരിക്കണം. കേരളത്തിൽ ആദ്യമായി കാട്ടിനുള്ളിൽ ആദ്യത്തെ പ്രകൃതി പഠനസഹവാസം നടക്കുന്നത് പ്ലാച്ചിക്കരയിലാണ്. 1978-ൽ ജോൺസിയുടെ സുവോളജിക്കൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഏപ്രിൽ മാസത്തിലായിരുന്നു ഇത്. മൂന്നു മാസം മുമ്പ് ഏഴിമലയിൽ വെച്ച് ഒരു പ്രകൃതി പഠന ക്യാമ്പ് നടന്നു. തെക്കെ ഇന്ത്യയിലെ ആദ്യത്തെ വനപഠന സഹവാസം. കടലിനെ അറിയാൻ നടത്തിയ ഏഴിമല ക്യാമ്പിൽ വെച്ച് പ്രൊഫ. എം.കെ. പ്രസാദ് സൈലന്റ്‌വാലിയെക്കുറിച്ചും കാടിനെ അറിയാൻ വേണ്ടി ഒരു ക്യാമ്പ് നടത്തേണ്ടതിനെക്കുറിച്ചും സംസാരിച്ചിരുന്നു. കണ്ണൂർ ജില്ലയിലെ അറിയാൻ പറ്റുന്ന കാടിനെക്കുറിച്ചുള്ള അന്വേഷണമാണ് ജോൺസിയേയും കൂട്ടരേയും പ്ലാച്ചിക്കരയിലെത്തിക്കുന്നത്. സെലക്ഷൻ ഫെല്ലിങ്ങുമൂലം തുറന്നു കിടന്ന ശുഷ്കമായ കാടാണ് പ്ലാച്ചിക്കരയിലേത്. ഇവിടത്തെ ബാക്കി നിൽക്കുന്ന മരങ്ങളിലും മരണമുദ്ര ചാർത്തിയിരിക്കുന്നത് ക്യാമ്പംഗങ്ങൾ കണ്ടു. കട്ടുമരങ്ങൾ പൂർണമായും മുറിച്ചു നീക്കി കശുമാവ് വെക്കാൻ വേണ്ടി നമ്പർ ഇട്ടിരിക്കുകയാണെന്ന് അന്വേഷണത്തിലറിഞ്ഞു. പ്രസാദ്മാഷും ക്യാമ്പംഗങ്ങളും ചേർന്ന് അവിടത്തെ സസ്യവൈവിധ്യത്തെക്കുറിച്ച് പഠിച്ച് ഒരു ചെക്ക്‌ലിസ്റ്റ് തയ്യാറാക്കി. കാടിനെ സമ്പൂർണ നാശത്തിൽ നിന്നും രക്ഷപ്പെടുത്തണമെന്ന അഭ്യർത്ഥനയോടെ ഈ പഠന റിപ്പോർട്ട് മുഖ്യമന്ത്രിക്കയച്ചു കൊടുത്തു. എ.കെ. ആന്റണിയായിരുന്നു അന്നത്തെ മുഖ്യമന്ത്രി. എറണാകുളം മഹാരാജാസിൽ ആന്റണി വിദ്യാർത്ഥിയും എം.കെ. പ്രസാദ് അധ്യാപകനുമായിരുന്നു. പ്ലാച്ചിക്കരയിലെ മരംമുറി നിർത്തിവെക്കാൻ മുഖ്യമന്ത്രി ഉത്തരവിട്ടു. പ്ലാച്ചിക്കര രക്ഷപെട്ടു.

അതേസമയം എൻമകജെയിലും രാജപുരത്തുമെല്ലാം കാടുവെട്ടി കശുമാവ് നട്ടു. വിഷം തളിച്ച് നാടിനെ ചാവുഭൂമിയാക്കി മാറ്റി. പ്ലാച്ചിക്കരയിൽ അന്നാ ക്യാമ്പ് നടന്നിരുന്നില്ലെങ്കിൽ പ്രസാദ് മാഷുടെ കത്തിനെ അവഗണിക്കാതിരിക്കാനുള്ള ഗുരുത്വം ആന്റണി കാണിക്കാതിരുന്നെങ്കിൽ പ്ലാച്ചിക്കരയുടേയും കിനാനൂർ, കരിന്തളം പഞ്ചായത്തിന്റെയും വിധി മറ്റൊന്നാകുമായിരുന്നു. തേജസ്വിനിയെന്നറിയപ്പെടുന്ന കാരിയങ്കോട് പുഴയ്ക്ക് കാളിന്ദിയെന്നാകുമായിരുന്നു വിളിപ്പേര്.

പ്ലാച്ചിക്കരയിൽ നടന്ന ജോൺസിമാഷുടെ ആദ്യ ക്യാമ്പിനുശേഷം തുടർച്ചയായി ക്യാമ്പുകൾ നടക്കുന്നത് കുറച്ചുകൂടി കിഴക്കുമാറിയുള്ള കോട്ടഞ്ചേരി വനത്തിലാണ്. 1987ൽ ജോൺസി സീക്ക് വിട്ടതിനുശേഷവും വർഷത്തിൽ രണ്ട് വീതം ക്യാമ്പുകൾ കോട്ടഞ്ചേരിയിൽ നടക്കാറുണ്ട്. അവിടത്തെ പഴയ ഏലം എസ്റ്റേറ്റ് കാടെടുത്തു പോകും വരെ അത് തുടർന്നിരുന്നു. കാസർകോട് ജില്ലയിൽ ഇപ്പോഴും അവശേഷിക്കുന്ന നിത്യഹരിത വനങ്ങളുടെ നല്ലമുഖമാണ് കോട്ടഞ്ചേരി. കരിമ്പിൽ കോമൻ എന്ന ജന്മിയുടെ ഏലത്തോട്ടങ്ങളായിരുന്നു കോട്ടഞ്ചേരിയിലെ കാട്ടിൽ മിക്കവാറും സ്ഥലങ്ങളിൽ. അവയ്ക്കിടയിൽ ഒളിഞ്ഞു രക്ഷപെട്ട ചില വനത്തുണ്ടുകൾ. കർണാടകത്തിലെ റിസർവ് വനങ്ങളാണ് കോട്ടഞ്ചേരിയുടെ തുടർച്ച. ഇപ്പോഴിത് തലക്കാവേരി സാങ്ചറിയാണ്. ഏറ്റവും വനനിബിഡമായ പു


**1978ൽ ഏഴിമലയിൽ വെച്ച് ഒരു പ്രകൃതി പഠന ക്യാമ്പ് നടന്നു. തെക്കെ ഇന്ത്യയിലെ ആദ്യത്തെ വനപഠന സഹവാസം. കടലിനെ അറിയാൻ നടത്തിയ ഏഴിമല ക്യാമ്പിൽ വെച്ച് പ്രൊഫ. എം.കെ. പ്രസാദ് സൈലന്റ്‌വാലിയെക്കുറിച്ചും കാടിനെ അറിയാൻ വേണ്ടി ഒരു ക്യാമ്പ് നടത്തേണ്ടതിനെക്കുറിച്ചും സംസാരിച്ചിരുന്നു. കണ്ണൂർ ജില്ലയിലെ അറിയാൻ പറ്റുന്ന കാടിനെക്കുറിച്ചുള്ള അന്വേഷണമാണ് ജോൺസിയെ പ്ലാച്ചിക്കരയിലെത്തിക്കുന്നത്**

ഷ്പഗിരി നിരകളുടെ തുടർച്ചയാണ് കോട്ടഞ്ചേരിവരെ നീളുന്നത്. കോട്ടഞ്ചേരിയിൽ നിന്നു നോക്കിയാൽ മൂന്നു മലമുടികൾ കാണാം. ഏറ്റവും തെക്കായി കൊട്ടത്തലച്ചിമല. പടിഞ്ഞാറായി പന്നിയാർമാനി. തൊട്ടുതെക്കായി തായൻകുന്ന്. പന്നിയാർമുനിയാണ് കാസർകോട്ടെ ഏറ്റവും ഉയരുംകൂടിയ കൊടുമുടി.

സീക്കിന്റെ ക്യാമ്പിലൂടെയാണ് കോട്ടഞ്ചേരി പരിചയമാകുന്നത്. കാൽനൂറ്റാണ്ടായി ഒരു തീർത്ഥാടനം പോലെ കോട്ടഞ്ചേരിയിൽ പോയിവരുന്നു. അഞ്ചുദിവസത്തെ സീക്ക് ക്യാമ്പിലെ ദൈനംദിന വ്യവഹാരങ്ങളിൽ കാടും തോട്ടവും നിരീക്ഷിക്കലും തോട്ടിലെ നീരൊഴുക്ക് അളക്കലും പക്ഷി നിരീക്ഷണവുമൊക്കെ പെടും. ക്യാമ്പിന്റെ അവസാന ദിവസത്തെ പ്രഭാതപരിപാടി തായൻകുന്ന് കയറലാണ്. മാനിപ്പുല്ലിൽ പിടിച്ചുകൊണ്ട് ആദ്യത്തെ ചെറുകയറ്റം കയറുമ്പോൾ ചോലക്കാട്ടിലെത്തും. കർണാടക – കേരള വനാതിർത്തികൾ ഇടകലരുന്ന കാട്ടുവഴികളിലൂടെ ജണ്ടക്കല്ലുകൾ കയറിമറിഞ്ഞ് നടന്നെത്തുന്നത് പുൽമേടുകളിലാണ്. മേടിനുമുകളിൽ കൂറ്റൻ കരിമ്പാറകളുടെ അടുപ്പുകൂടുകൾ. അവയ്ക്കിടയിൽ ഭൗമാവകാശം സ്ഥാപിച്ചിരിക്കുന്ന പാച്ചോറ്റിപ്പൊന്തകൾ. തായംകുന്നിലെത്തിയാൽ പത്തുനിമിഷം ധ്യാനമാണ്. കണ്ണടച്ച് കേൾവികൊണ്ടും ഗന്ധം കൊണ്ടും കാടിനെ അറിയൽ. ഊഷരമായ ഇടനാടൻ തിണയിലൂടെ ഒഴുകിയെത്തുന്ന കാറ്റിന് തായനിലെത്തുമ്പോൾ വിശാലമായ കർണ്ണാടക പച്ചകളിലേക്ക് ഊളിയിടാനുള്ള ഉത്സാഹക്കുതിപ്പാണ്. പശ്ചിമഘട്ടങ്ങളെ കേറിയും മറിഞ്ഞുംകൊണ്ട് അന്യമാം തീരങ്ങളിലേക്ക് കേരളം വരളുന്നത് ശരിക്കും കണ്ടറിയാനാവുക തായനിൽ നിൽക്കുമ്പോഴാണ്. കർണ്ണാടകത്തിന്റെ ജണ്ടയും കടന്ന് വെട്ടിയും ചുട്ടും തിണയുറപ്പിക്കുകയാണ് കുടിയേറ്റങ്ങൾ നൽകിയ ഉത്പാദന മാർഗ്ഗങ്ങൾ.

പുളിങ്ങോത്തെ കൊട്ടത്തലച്ചിമല നാടോടി പുരാവൃത്തങ്ങളിലെ സജീവ സാന്നിധ്യമാണ്. പൊട്ടൻതെയ്യത്തിന്റെയും കരിഞ്ചാമുണ്ഡിയുടെയും വിഹാരം. കുടിയേറിവന്നവർ ഈ മലയെ സൂര്യഗിരിയെന്നും കുരിശുമലയെന്നും പേരുമാറ്റിവിളിച്ചപ്പോൾ മറന്നുപോയത് ഈ സംസ്കാരത്തെയാണ്. കുരിശുമല കയറി കയറി ഇവിടെയൊരു കുരിശുപള്ളി സ്ഥാപിച്ചു കഴിഞ്ഞു. താഴെ കരിങ്കൽ മടകൾ. ഒറ്റ ലൈസൻസിൽ ഒരുപാട് മടകൾ കുന്നിനെ മാന്തിപ്പൊളിക്കുന്നു. വേനൽ മാസങ്ങളിൽ മുണ്ഡിത ശിരസ്കയായ മലയുടെ കുറ്റി രോമങ്ങൾ നിന്നുകത്തും.

ഏറ്റവുമേറെ നടന്ന വഴികൾ കോട്ടഞ്ചേരിയിലേതാണ്. ചാമക്കാവു പോലെ തന്നെ കരതലാമലകമാണത്. കോട്ടഞ്ചേരി എസ്റ്റേറ്റിനു മുമ്പിലെ കുളിരിൽ കുളിച്ചു നിൽക്കുന്ന ഒറ്റയൻ നെല്ലിമരം. വെളുത്ത പൂമണികൾ കൊണ്ട് തൊങ്ങലുതൂക്കി നിൽക്കുന്ന തോടിറമ്പിലെ രുദ്രാക്ഷമരം. ഉച്ചയ്ക്ക് ശേഷമുള്ള പാരിസ്ഥിതി ചർച്ചാവേളകളിൽ ചാരിയുറങ്ങാറുള്ള വേട്ടുവക്കോട്ടത്തിനിരികിലെ നാങ്മരം. കാന്തൻ പാറയെന്ന ആത്മഹത്യാമുനമ്പിലേക്കുള്ള യാത്രാവഴി കണ്ടെത്താൻ പകുത്തു പകുത്തു മടിച്ചുപോകുന്ന പട്ടുകുറിഞ്ഞിയുടെയും ചോലക്കുറിഞ്ഞിയുടേയും പൊന്തക്കാടുകൾ. വിളവെടുത്തു കഴിഞ്ഞ മധുര നാരങ്ങ മരം എനിക്കു മാത്രമായി ഒളിപ്പിച്ചുവെച്ച മൂപ്പെത്തിയില്ലെങ്കിലും പുളിയ്ക്കാത്ത പഴങ്ങൾ. കൊടങ്കിച്ചാലിലെ നഗ്നമായ കുളികൾ. കാട്ടുമൂപ്പൻ കാട്ടിത്തന്ന കോടാശാരിയെന്ന വിഷമരുന്ന്. ആനയെ പിടിക്കാൻ ശങ്കരങ്ങാനത്ത് കുഴിച്ച അടുപ്പ് കൂട്ടി കിണറുകളിൽ വളർന്നുനിന്ന 'സയാതിയം' എന്ന മരപ്പന്നൽ കൊണ്ടു പോകുന്ന അതീതകാലത്തിന്റെ കാർബണിക യുഗങ്ങൾ. ചോരയൊലിക്കുന്ന കുന്തിരിക്ക മരങ്ങൾ. മഞ്ചട്ടിയും വിഴാൽവള്ളിയും ആദ്യമായി കണ്ട സന്തോഷത്തിൽ നടവഴി വിട്ടു കാടുകയറുമ്പോൾ വിരട്ടി വിടുന്ന ആന വിരട്ടിയെന്നും അങ്കരയെന്നും പേരുള്ള വെറ്റിലപ്പച്ച നിറമുള്ള മരം.


വര: വി.എസ്. ഗിരീശൻ

പാട്ടക്കാലാവധി കഴിഞ്ഞ് കോട്ടഞ്ചേരിത്തോട്ടം വനത്തിലേക്ക് ചേർക്കപ്പെട്ടിരിക്കുന്നു. കാട് അതിന്റെ മുറിവുകൾ സ്വയം നക്കിയുണക്കിയിരിക്കുന്നു. ഏറ്റവുമൊടുവിൽ കോട്ടഞ്ചേരിയിലെത്തുമ്പോൾ പഴയ തോടരുകിൽ പുലിയുടെ കാല്പാടുകൾ കണ്ടു. തോട്ടം ഇല്ലാതായതോടെ പാടിയിലെ പണിയാളർക്ക് പണിയില്ലാതായി. വീരന്റെ കോളനിയിൽ പഴയ പരിചയക്കാരൊന്നുമില്ല. ജോൺസിയും ടി.പി. പത്മനാഭൻ മാഷും പഠിപ്പിച്ച ഇക്കോളജിക്കൊപ്പം കാടെന്താണെന്ന് കാടിന്റെ തന്നെ ഭാഷയിൽ പറഞ്ഞുതന്ന കൈക്കോളോനും മരിച്ചുപോയി. വിഫലവും ദയനീയവുമായ ഒരുപാടു കുഞ്ഞുമുഖങ്ങൾ ഇവിടെ കാണുന്നു. വെളുത്തവരുടെ കുട്ടികളാണധികവും. ഒരു കുലം കൂടി ഒടുങ്ങുന്നതുകണ്ട് മലയിറങ്ങുന്നു.